സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ഷേത്രജീവന സർവ്വീസിലെ ആർജ്ജിതാവധി എസ്റ്റാബ്ലിഷ്മെന്റ് സർവ്വീസിലെ ആർജ്ജിതാവധിയോട് കൂട്ടിച്ചേർത്ത് കണക്കാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ആർ.ഒ.സി. 3518/11/എസ്റ്റാ-2 നന്തൻകോട്, 22-11-2018

---

പരാമർശം :- 1) 31-12-2014, 13-04-2017 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 10-10-2018 ലെ DA 639/18/D1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്ര ജീവനക്കാരായിരുന്ന് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേക്ക് പ്രവേശിച്ചവരുടെ ക്ഷേത്രജീവന സർവ്വീസിൽ ആർജ്ജിച്ച അവധി എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ ആർജ്ജിതാവധിയോടൊപ്പം ചേർത്ത് സറണ്ടർ ചെയ്യുന്നതിന് അനുവദിച്ച് ബോർഡുത്തരവായിട്ടുള്ളതാണ് (പരാമർശം -1).

01-07-2011 ലെ ROC 6200/11/Est-1 നമ്പർ ബോർഡുത്തരവിൻപ്രകാരം ക്ഷേത്ര ജീവനക്കാർക്ക് 150 ദിവസത്തെ ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുള്ളത് കണക്കിലെടുത്താണ് ടി ഉത്തരവിൽ ക്ഷേത്രജീവന സർവ്വീസിലെ 150 ദിവസം എസ്റ്റാബ്ലിഷ്മെന്റ് സർവ്വീസിനോടൊപ്പം ചേർത്ത് സറണ്ടർ ചെയ്യുന്നതിന് അനുവദിച്ചിരുന്നതെന്നും ക്ഷേത്ര ജീവനക്കാരുടെ ടെർമിനൽ സറണ്ടർ ആനുകൂല്യം 02-05-2015 ലെ ROC 12932/12/Est-2 നമ്പർ ബോർഡുത്തരവു പ്രകാരം 200 ദിവസമായും 01-07-2016 ലെ ROC 516/2016/Est-1 ഉത്തരവുപ്രകാരം 01-02-2016 മുതൽ ആയത് 225 ദിവസമായും വർദ്ധിപ്പിച്ചിട്ടുള്ളതാണെന്നും തുടർന്ന് ദേവസ്വം ബോർഡിലെ എല്ലാ ക്ഷേത്രജീവനക്കാരെയും ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിച്ചുകൊണ്ടുള്ള 21-08-2018 ലെ ROC 15691/15/Est-1 നമ്പർ ബോർഡുത്തരവ് പ്രകാരം ക്ഷേത്രജീവന സർവ്വീസിൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരുടേതുപോലെ പരമാവധി 300 ദിവസം ടെർമിനൽ സറണ്ടർ ചെയ്യാവുന്നതാകയാൽ ക്ഷേത്രജീവനക്കാരായിരുന്ന് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേക്ക് പ്രൊമോഷൻ ലഭിച്ചവർ ക്ഷേത്രജീവന സർവ്വീസിൽ ആർജ്ജിച്ച അവധി എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ആർജ്ജിക്കുന്ന അവധിയോടൊപ്പം കൂട്ടിച്ചേർത്ത് കണക്കാക്കുന്നതിന് നിർദ്ദേശമുണ്ടാകണമെന്ന് വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

(മറുപുറം)

EDP

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. ക്ഷേത്ര ജീവനക്കാരായിരുന്ന് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേക്ക് പ്രൊമോഷൻ ലഭിച്ചവർ ക്ഷേത്ര സർവ്വീസിൽ ആർജ്ജിച്ച അവധി എസ്റ്റാബ്ലിഷ്മെന്റ് സർവ്വീസിൽ ആർജ്ജിക്കുന്ന അവധിയോടൊപ്പം കൂട്ടിച്ചേർത്ത് കണക്കാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

*(ഒപ്പ്)*
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK